**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ഷജീറ ബീഗം പി എ, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ6/19086/2017/ജിമെആ മലപ്പുറം തീയതി.03.07.2017

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 57294/2017/ആവഡ തീയതി 25.09.2017

3. ഡോ ഷജീറ ബീഗം സമർപ്പിച്ച അപേക്ഷ തീയതി 19.10.2017

4. കത്ത് നം ഇഎ4- 57294/2017/ആവഡ തീയതി. 01.12.2017

**ഉത്തരവ് നം. DHS/433/2025-EA4 തീയതി.11-12-2025**

ഡോ ഷജീറ ബീഗം പി എ (Dr Shajeera Beegum P A) 13.10.2009 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. മലപ്പുറം തിരൂർ ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) തസ്തികയിൽ സേവനത്തിൽ തുടരവെ **02.05.2017** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. അവധി അപേക്ഷ എഴുതിക്കൊടുക്കുവാൻ അശ്രദ്ധമൂലം കഴിയാതെ പോയതായും ടിയാളുടെ തെറ്റ് മാപ്പാക്കിയും ശിക്ഷണ നടപടികൾ

ഒഴിവാക്കിയും സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അപേക്ഷിച്ചിരുന്നു സേവനത്തിൽ പുന പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

(2). ഡോ ഷജീറ ബീഗം പി എ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയതിന് മറുപടി സമർപ്പിച്ചിട്ടുമില്ല.ടി സാഹചര്യത്തിൽ 02.05.2017 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ഷജീറ ബീഗം പി എ, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ഷജീറ ബീഗം പി എ, ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 11-12-2025 16:24:46

Dr REENA K J

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്,

Dr Shajeera Beegam P A,
Shynesh, Near MM Engineering,
Pullambil Road, Chirakkara- 670104

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
മലപ്പുറം.
3. സൂപ്രണ്ട്,
ജില്ലാ ആശുപത്രി തീരൂർ, മലപ്പുറം
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. സീനിയർ സൂപ്രണ്ട്,

ഇബി സെക്ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

5. ഫയൽ